**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2277** **12-02-2024 - ൽ മറുപടിയ്ക്ക്**

**മങ്കട സി.എച്ച്.സി. പ്രവൃത്തികളും സ്റ്റാഫ് പാറ്റേൺ പരിഷ്കരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട സി.എച്ച്.സി. യിൽ എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് ഏറ്റവും അടിയന്തരമായി നടപ്പിലാക്കേണ്ടത്; നിലവിൽ നടന്നു വരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കുമോ; | (എ) | മങ്കട സി.എച്ച്.സിയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം, ഒ.പി ടിക്കറ്റ് കൗണ്ടർ നിർമ്മാണം,പൊതുജനങ്ങൾക്കും, വികലാംഗർക്കുള്ള ശുചിമുറി നിർമ്മാണം, റാമ്പ് നിർമ്മാണം, ലിഫ്റ്റ് നിർമ്മാണം,ഫാർമസിയിൽ പ്രൈവറ്റ് വെയ്റ്റിംഗ് ഏരിയ നിർമ്മാണം,ഫാർമസിയും പുതിയ കെട്ടിടവും ശരിയായ രീതിയിൽ ബന്ധിപ്പിക്കുക, പേഷ്യന്റ് ഒബ്സർവേഷൻ റൂം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, ഗേറ്റ് സ്ഥാപിക്കൽ എന്നീ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | 2021- 22-ലെ ബജറ്റിൽ 20% തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സി.എച്ച്.സി. തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രവൃത്തി നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് നിയമിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | 2021- 22-ലെ ബജറ്റിൽ തുക വകയിരുത്തിയ നിർമാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല . |
| (സി) | ഈ സി.എച്ച്.സി.യിൽ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരുടെ കുറവുണ്ട്; ഒഴിവുള്ള സ്ഥിരം തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (സി) | മങ്കട സി.എച്ച്.സിയിൽ നിലവിലുള്ള ഒഴിവുകളും ആയത് നികത്തുന്നതിന് സ്വീകരിച്ച നടപടിയും ചുവടെ ചേർക്കുന്നു<br><br>ഹെൽത്ത് ഇൻസ്പെക്ടർ –1 (പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു )<br><br>പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ -1 (നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു ) |

| | | | |
|---|---|---|---|
| | | | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് -1 (താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. പി.എസ്.സി മുഖേന നിയമനം നടത്തുന്ന നടപടികൾ സ്വീകരിച്ചു വരുന്നു )<br><br>പാർട്ട് ടൈം സ്വീപ്പർ -1 (ദിവസ വേതനടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തിയിട്ടുണ്ട് . എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം നടത്തിന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു ) |
| (ഡി) | ഈ സി.എച്ച്.സി.യുടെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് ഏതെങ്കിലും നിർദ്ദേശം പരിഗണനയിൽ ഉണ്ടോ; സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണമെന്ന ആവശ്യം അടിയന്തരമായി പരിഗണിക്കുമോ? | (ഡി) | ആരോഗ്യ വകുപ്പിൽ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ